2024 AUGUST
23
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621




## ഓണത്തിന് നിരക്ക് കൂട്ടി കെഎസ്ആർടിസി അന്തർ സംസ്ഥാന സർവീസ്

### കൂട്ടിയത് 600 രൂപ

**ചെന്നൈ** ഓണത്തിനു നാട്ടിലേക്കുള്ള ബസുകളിലെ ടിക്കറ്റ് നിരക്ക് കൂട്ടി കെഎസ്ആർടിസിയും. എറണാകുളത്തേക്കുള്ള ഗരുഡ ബസിലെ നിരക്ക് 1,151 രൂപയായിരുന്നത് സെപ്റ്റംബർ 11 മുതൽ ഉത്രാടദിനമായ 14 വരെ 600 രൂപയോളം കൂട്ടി. കെഎസ്ആർടിസി നോൺ എസി സൂപ്പർ ഡീലക്സ് സ്പെഷൽ സർവീസിലും നിരക്ക് 300 രൂപ കൂട്ടി. ഓണത്തിന് ഇരട്ടിയിലേറെ രൂപ ഈടാക്കി സ്വകാര്യ ബസുകൾ യാത്രക്കാരെ പിഴിയുന്നതിനിടയിലാണു കെഎസ്ആർടിസിയുടെ ഇരുട്ടടി.

തിരക്കുള്ള ദിവസങ്ങളിൽ നിരക്ക് കൂട്ടുന്ന സ്വകാര്യ ബസുകളുടെ രീതിയാണ് എറണാകുളത്തേക്കുള്ള കെഎസ്ആർടിസി സർവീസും പിന്തുടരുന്നത്. പ്രവൃത്തിദിവസങ്ങളിൽ 1,151 രൂപയാണ് നിരക്ക്. എന്നാൽ, വെള്ളി, ശനി ദിവസങ്ങളിൽ നിരക്ക് കൂടും. 30 (വെള്ളി), സെപ്റ്റംബർ 6 (വെള്ളി), സെപ്റ്റംബർ 7 (ശനി) തീയതികളിലെ നിരക്ക് 1,740 രൂപയാണ്. ഈ നിരക്ക് തന്നെയാണ് സെപ്റ്റംബർ 11 മുതൽ 14 വരെയുള്ള തീയതികളിലും. യാത്രക്കാരെ ലഭിക്കാൻ സാധ്യതയില്ലാത്ത തിരുവോണ ദിനത്തിൽ നിരക്ക് 1,151 തന്നെയാണ്.

തെക്കൻ കേരളത്തിലേക്കുള്ള തിരക്ക് കണക്കിലെടുത്ത് ചെന്നൈയിൽനിന്നു തിരുവനന്തപുരത്തേക്കും കെഎസ്ആർടിസി സ്പെഷൽ സർവീസ് നടത്തും. 12നും 13നും വൈകിട്ട് 7നു കിലാമ്പാക്കത്തുനിന്നു പുറപ്പെട്ട് പിറ്റേന്നു രാവിലെ 9.05ന് തിരുവനന്തപുരത്തെത്തും. തിരുച്ചിറപ്പള്ളി, മധുര, നാഗർകോവിൽ വഴിയുള്ള നോൺ എസി സീറ്റർ സൂപ്പർ ഡീലക്സ് എയർ ബസിൽ 1,541 രൂപയാണ് നിരക്ക്.

# രണ്ടു പതിറ്റാണ്ടിനിടെ നഷ്ടമായത് 23 ലക്ഷം ഹെക്ടർ വനം

## വിശദീകരണംതേടി ഹരിത ട്രിബ്യൂണൽ

**ന്യൂഡൽഹി:** രണ്ടുപതിറ്റാണ്ടിനിടയിൽ (2001 2023) ഇന്ത്യക്ക് നഷ്ടപ്പെട്ടത് 23.3 ലക്ഷം ഹെക്ടർ (23,300 ചതുരശ്ര കിലോമീറ്റർ) വനഭൂമി. ആഗോള പരിസ്ഥിതിസംഘടനയായ ഗ്ലോബൽ ഫോറസ്റ്റ് വാച്ചിന്റെ പഠനറിപ്പോർട്ടിലാണ് കണ്ടെത്തൽ.

2010നും 2020നുമിടെ 2.66 ലക്ഷം ഹെക്ടർ വനഭൂമി (2660 ചതുരശ്ര കിലോമീറ്റർ) രാജ്യത്ത് കൂടിയെന്ന് ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യയുടെ അവകാശവാദത്തെ തള്ളുന്നതാണ് കണ്ടെത്തൽ. തുടർന്ന് കഴിഞ്ഞ മേയിൽ ദേശീയ ഹരിത ട്രിബ്യൂണൽ കേന്ദ്ര വനംപരിസ്ഥിതി മന്ത്രാലയത്തോട് വിശദീകരണംതേടി. മറുപടി ഇനിയും കിട്ടിയിട്ടില്ലെന്നാണ് വിവരം.

മേഘാലയ സംസ്ഥാനത്തെക്കാളുണ്ടാകും രാജ്യത്തിന് നഷ്ടമായ വനത്തിന്റെ വിസ്തൃതിക്ക്. 20132023ൽ സ്വാഭാവിക വനത്തിൽ 95 ശതമാനം വനനശീകരണം സംഭവിച്ചു.

2019നെ അപേക്ഷിച്ച് 1.54 ലക്ഷം ഹെക്ടർ വനഭൂമി വർധിച്ചെന്ന് 2021ൽ ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ പുറത്തുവിട്ട കണക്ക് സൂക്ഷ്മപരിശോധന നടത്താതെയും അശാസ്ത്രീയവും അപൂർണവുമായ ഡേറ്റ



ഉപയോഗിച്ചാണ് ഫോറസ്റ്റ് സർവേ നടത്തുന്നതെന്നാണ് പരിസ്ഥിതി വിദഗ്ധരുടെ വാദം. ഉപഗ്രഹദൃശ്യങ്ങൾ ഉപയോഗിച്ചുള്ള പരിശോധനയിൽ സ്വാഭാവികവനവും കൃത്രിമ ഉദ്യാനങ്ങളും കൃത്യമായി വേർതിരിക്കപ്പെടാതെ പോകും. അതിനാൽ ഇവയെല്ലാം വനമായി മാറും.

വിജ്ഞാപനം ചെയ്യാത്ത വനമുൾപ്പെട്ട സർക്കാർപുറമ്പോക്കുകളെ വനമായി അടയാളപ്പെടുത്തിയിട്ടില്ല. അതിനാൽ 1980ലെ വനസംരക്ഷണനിയമപ്രകാരം ഇവ കേന്ദ്രാനുമതി കൂടാതെ വനേതര ആവശ്യങ്ങൾക്ക് വകമാറ്റും. ഈ രീതി കേരളത്തിൽ പതിവാണെന്ന് പരിസ്ഥിതിവാദികൾ വാദിക്കുന്നു. പ്രധാനപ്പെട്ട ആനത്താരയായി മൂന്നാറിലെ ചിന്നക്കനാൽ അൺറിസർവ് ഭൂമിയെ സംസ്ഥാനവിദഗ്ധസമിതി രേഖപ്പെടുത്തിയിരുന്നു. എന്നാൽ, ഈ ഭൂമിയിപ്പോൾ വാണിജ്യടൂറിസത്തിനായി വിനിയോഗിക്കുകയാണ്. ഈ മേഖലയിൽ അരിക്കൊമ്പനെ ചൊല്ലിയുയർന്ന കോലാഹലവും മനുഷ്യവന്യജീവി സംഘർഷം പതിവായതുമെല്ലാം ഇക്കാരണത്താലാണെന്നാണ് വാദം.

## ലുസെയ്നിൽ മിന്നിത്തിളങ്ങി നീരജ് ചോപ്ര; രണ്ടാം സ്ഥാനം

**ലുസെയ്ൻ:** ഒളിംപിക്സിലെ രണ്ടാം മെഡലിന്റെ തിളക്കവുമായി എത്തിയ നീരജ് ചോപ്രയ്ക്ക്, സ്വിറ്റ്സർലൻഡിലെ ലുസെയ്നിൽ നടക്കുന്ന ഡയമണ്ട് ലീഗ് അത്‌ലറ്റിക്സിൽ ജാവലിൻ ത്രോയിൽ രണ്ടാം സ്ഥാനം. ഇന്ത്യയുടെ വിജയപ്രതീക്ഷകളുടെ ഭാരം പേറുന്ന ജാവലിനുമായി ലുസെയ്നിൽ ഇറങ്ങിയ നീരജ് ചോപ്ര അവസാന ശ്രമത്തിൽ ഈ സീസണിലെ തന്നെ തന്റെ ഏറ്റവും മികച്ച ദൂരമായ 89.49 മീറ്റർ ദൂരം കണ്ടെത്തിയാണ് രണ്ടാം സ്ഥാനം സ്വന്തമാക്കിയത്. പാരിസിൽ വെള്ളി സമ്മാനിച്ച 89.45 മീറ്റർ ദൂരം മെച്ചപ്പെടുത്തിയാണ് ലുസെയ്നിൽ നീരജ് രണ്ടാമനായത്.

90.61 മീറ്റർ ദൂരം കണ്ടെത്തിയ ഗ്രനാഡ താരം ആൻഡേഴ്സൻ പീറ്റേഴ്സ് മീറ്റ് റെക്കോർഡോടെ ഒന്നാം സ്ഥാനം നേടി. ജർമൻ താരം ജൂലിയൻ വെബർ 87.08 മീറ്ററോടെ മൂന്നാം സ്ഥാനത്തെത്തി. ലുസെയ്നിൽ സീസണിലെ മികച്ച ദൂരം കുറിച്ചെങ്കിലും, 90 മീറ്റർ എന്നത് നീരജിന് എത്തിപ്പിടിക്കാനാത്ത സ്വപ്ന ദൂരമായി അവശേഷിക്കുന്നു.

## സ്വർണവിലയിൽ ഇടിവ്; പവന് 54,000 ത്തിൽ താഴെ

**കൊച്ചി:** ബുധനാഴ്ച ഈ മാസത്തെ ഏറ്റവും ഉയർന്ന നിലവാരത്തിൽ എത്തിയ സ്വർണവിലയിൽ ഇന്ന് ഇടിവ്.ഇന്നലെ പവന് 240 രൂപ കുറഞ്ഞ് ഒരു പവൻ സ്വർണത്തിൻറെ വില 53,440 രൂപയായി. ഗ്രാമിന് 30 രൂപയാണ് കുറഞ്ഞത്. 6680 രൂപയാണ് ഒരു ഗ്രാം സ്വർണത്തിൻറെ വില.

ഇന്നലെ 400 രൂപ വർധിച്ചതോടെയാണ് സ്വർണവില ഈ മാസത്തെ ഏറ്റവും ഉയർന്ന നിലവാരത്തിൽ എത്തിയത്. കഴിഞ്ഞ മാസം 17ന് സ്വർണവില 55,000 രൂപയായി ഉയർന്നതായിരുന്നു ആ മാസത്തെ ഏറ്റവും ഉയർന്ന നിരക്ക്. പിന്നീട് ഏറിയും കുറഞ്ഞും നിന്ന സ്വർണവില കഴിഞ്ഞ രണ്ടാഴ്ചയ്ക്കിടെ 2900 രൂപ വർധിച്ച ശേഷമാണ് ഇന്ന് താഴ്ന്നത്.

## ന്യൂനമർദം, ചക്രവാതച്ചുഴി: കേരളത്തിൽ 5 ദിവസം വ്യാപക മഴ, ഇടിമിന്നലിനും കാറ്റിനും സാധ്യത

**തിരുവനന്തപുരം:** ലക്ഷദ്വീപിനു മുകളിലായി സ്ഥിതി ചെയ്തിരുന്ന ചക്രവാതച്ചുഴി മധ്യ കിഴക്കൻ അറബിക്കടലിൽ കർണാടക ഗോവ തീരത്തിനു മുകളിൽ ന്യൂനമർദമായി ശക്തി പ്രാപിച്ചു. ശനിയാഴ്ചയോടെ (24) വടക്കൻ ബംഗാൾ ഉൾക്കടലിൽ പുതിയൊരു ചക്രവാതച്ചുഴി രൂപപ്പെടും. ഇതിന്റെ ഫലമായി കേരളത്തിൽ അടുത്ത 5 ദിവസം വ്യാപകമായി മഴ കിട്ടുമെന്നു കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു.



ഇന്നു ചിലയിടങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴയ്ക്കും മണിക്കൂറിൽ 30 മുതൽ 40 കിലോമീറ്റർ വരെ വേഗത്തിൽ വീശിയേക്കാവുന്ന ശക്തമായ കാറ്റിനും സാധ്യത. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ 24, 25, 26 തീയതികളിൽ ശക്തമായ മഴ കിട്ടും. 26 വരെയുള്ള ദിവസങ്ങളിൽ കേരള ലക്ഷദ്വീപ് കർണാടക തീരങ്ങളിൽ മീൻപിടിക്കാൻ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

അഡ്മിഷൻ തുടരുന്നു...

2024–2025
Integrated MBA MCA (5 years)
Qualification: Plus Two
OTHER COURSES:
B.Sc. Food Technology
B.Sc. Microbiology
B.Sc. Cyber Forensic
B.Sc. Apparel and Fashion Technology
B.A. Animation
KMM COLLEGES
Affiliated to MG University & Approved by AICTE
THRIKKAKKARA
Ph: 9895545924, 9400939888
www.kmmcolleges.com

സൊസൈറ്റി ടുഡേ
SOCIETY TODAY




**കൊച്ചിയിൽ നടന്ന ചടങ്ങിൽ സെൻട്രൽ ടാക്സ് ആൻഡ് സെൻട്രൽ എക്സൈസ് അസിറ്റന്റ് കമ്മീഷണർ എൻ എസ് ജയശ്രീ 'സംതൃപ്തി' അച്ചാറുകളുടെ ലോഞ്ച് നിർവഹിക്കുന്നു. ആർ.ശ്രിയ,ആർ ശ്വേത, കാർഷിക സർവകലാശാല മുൻ പ്രൊഫസർ ഡോ.ജയശ്രീ വാധ്യാർ, ശ്രേയ എന്നിവർ സമീപം**

# സംതൃപ്തി അച്ചാറുകൾ വിപണിയിലിറക്കി

**കൊച്ചി:** സപ്തഗിരി ഗ്രൂപ്പിന്റെ ഭക്ഷ്യവിഭാഗമായ സംതൃപ്തിയുടെ നേതൃത്വത്തിൽ വിവിധ അച്ചാറുകൾ പുറത്തിറക്കി. കൊച്ചിയിൽ നടന്ന ചടങ്ങിൽ സെൻട്രൽ ടാക്സ് ആൻഡ് സെൻട്രൽ എക്സൈസ് അസിറ്റന്റ് കമ്മീഷണർ എൻ എസ് ജയശ്രീ പ്രോഡക്റ്റ് ലോഞ്ച് നിർവഹിച്ചു. സർക്കാരിന്റെ വോക്കൽ ഫോർ ലോക്കൽ പരിപാടിയും ഡിജിറ്റൽ പ്ലാറ്റുഫോമുകളും വനിത സംരംഭകർക്ക് ബിസിനസ്സ് രംഗത്ത് ഉൾപ്പെടെ വളർന്ന് വരാനുള്ള സാഹചര്യം ഇപ്പോൾ സജ്ജമാണെന്നും അത് പരമാവധി പ്രയോജനപ്പെടുത്തി വനിതകൾ സ്വയംശാക്തീകരണത്തിന്റെ പാതയിലാണെന്നും മുഖ്യപ്രഭാഷണം നടത്തിയ കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി മുൻ പ്രൊഫസർ ഡോ.കെ എസ് ജയശ്രീ അഭിപ്രായപ്പെട്ടു.കയറ്റുമതിയും ഓൺലൈൻ വിതരണവും ലക്ഷ്യമിടുന്ന സംതൃപ്തി അച്ചാറുകൾ അസംസ്കൃത വസ്തുക്കളുടെ തിരഞ്ഞെടുപ്പ് മുതൽ പാക്കേജിങ് വരെ ഉയർന്ന ഗുണനിലവാരത്തിലാണ് തയ്യാറാക്കുന്നതെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച സപ്തഗിരി ഗ്രൂപ്പിന്റെ സ്ഥാപക ആർ ശ്വേത വ്യക്തമാക്കി.നിർമാണ യൂണിറ്റുകളിൽ പൂർണമായും വനിതകൾക്ക് മുൻഗണന നടത്തിയാണ് ഇപ്പോൾ യൂണിറ്റ് പ്രവർത്തിക്കുന്നത്.സ്ഥാപനത്തിന്റെ പാർട്ണർമാരായ ആർ ശ്രേയ,ആർ ശ്രിയ എന്നിവരും യോഗത്തിൽ സംസാരിച്ചു.

## ബിസിനസ്, വിദ്യാഭ്യാസ മേഖലയുടെ സമൂല മാറ്റത്തിന് ആഗോളവൽക്കരണം കാരണമായി

**കോയമ്പത്തൂർ:** മണപ്പുറം ഫിനാൻസിന്റെ നേതൃത്വത്തിൽ യുണീക് ടൈംസ് സംഘടിപ്പിച്ച ബിസിനസ് കോൺക്ലേവ് നവീന ആശയങ്ങളാൽ ശ്രദ്ധേയമായി. വിദ്യാഭ്യാസ, ബിസിനസ് മേഖലകളിൽ ആഗോളവൽക്കരണം ചെലുത്തിയ സ്വാധീനം എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തിയാണ് കോൺക്ലേവ് സംഘടിപ്പിച്ചത്. അനന്ത സാധ്യതകളുള്ള നവ ലിബറൽ യുഗത്തിൽ കൂടുതൽ മെച്ചപ്പെട്ട പുത്തൻ വിദ്യാഭ്യാസ രീതികളും ബിസിനസ് തന്ത്രങ്ങളും രൂപവൽക്കരിക്കേണ്ട ആവശ്യകതയെപ്പറ്റി കോൺക്ലേവിൽ ചർച്ചചെയ്തു. പെഗാസസ് ചെയർമാൻ ഡോ. അജിത് രവി, മുൻ സി ബി ഐ ഡയറക്ടർ ഡോ. ഡി ആർ കാർത്തികേയൻ, ഇബിജി ഫൗണ്ടേഷൻ ചെയർമാനും ജാർഖണ്ഡ് ഗവർണറുടെ വിദ്യാഭ്യാസ ഉപദേഷ്ടാവുമായ ഡോ. ഇ ബാലഗുരുസാമി, ഇദയം ഫാമിലി ചെയർമാൻ വി ആർ മുത്തു, ഗോകുലം ഗ്രൂപ്പ് ഓഫ് കമ്പനീസ് വൈസ് ചെയർമാൻ വി സി പ്രവീൺ, ഗ്രൂം ഇന്ത്യ സലൂൺസിന്റെ സഹസ്ഥാപകനും സിഇഒയുമായ സി കെ കുമാരവേൽ, സുഗുണ ഫുഡ് ആൻഡ് ഹോൾഡിംഗ്സ് ചെയർമാൻ സൗന്ദരരാജൻ ബങ്കാരുസാമി, എൻ ജി പി എഞ്ചിനീയറിംഗ് കോളേജ് എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. അരുൺ എൻ പളനിസാമി എന്നിവർ പങ്കെടുത്തു.

## ദുരിതാശ്വാസത്തിനു നിസാൻ

**കൊച്ചി:** വിവിധ പ്രദേശങ്ങളിൽ അടുത്തിടെയുണ്ടായ വെള്ളപ്പൊക്കത്തിനു സാന്ത്വനമായി നിരവധി പിന്തുണാ നടപടികൾ പ്രഖ്യാപിച്ച് നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്. ഉപഭോക്താക്കളെ സഹായിക്കാൻ നിസാൻ പ്രത്യേക ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രളയ ബാധിത വാഹനങ്ങൾ അടുത്തുള്ള അംഗീകൃത നിസാൻ സർവീസ് വർക്ക്ഷോപ്പിലേക്ക് കൊണ്ടുപോകുന്നത് ഉൾപ്പെടെയുള്ള സൗജന്യ റോഡ്സൈഡ് അസിസ്റ്റൻസ് സേവനങ്ങൾ കമ്പനി നൽകും. ഇത്തരം വാഹനങ്ങൾക്ക് 1000 രൂപ വരെ ഇൻഷുറൻസ് ക്ലെയിം പ്രോസസ് ഫീസിൽ ഇളവ് നൽകുന്നതിന് നിസാൻ ഡീലർമാരുമായി സഹകരിക്കുന്നുണ്ട്. വെള്ളപ്പൊക്ക ബാധിതരോട് തികഞ്ഞ സൗഹൃദപൂർണ്ണ സമീപനമാണ് സ്വീകരിക്കുന്നതെന്ന് നിസാൻ മോട്ടോർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എംഡി സൗരഭ് വത്സ പറഞ്ഞു. 1800 209 3456 എന്ന നമ്പറിൽ ഹെൽപ് ഡെസ്ക് സേവനം ലഭ്യമാകും.

# ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജി സംസ്ഥാന സമ്മേളനം

**കൊച്ചി:** ഹൃദയാഘാതം അടക്കമുള്ള ഹൃദ്രോഗങ്ങളുടെ പ്രതിരോധം ,രോഗ നിർണ്ണയം, ചികിത്സ എന്നിവക്കായുള്ള ഏറ്റവും പുതിയ സംവിധാനങ്ങളും. മാർഗ്ഗരേഖകളും, ചർച്ച ചെയ്യുന്ന ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജിയുടെ വാർഷിക സമ്മേളനം ആഗസ്റ്റ് 24, 25 തീയതികളിൽ ഹോട്ടൽ ഹോളിഡേ ഇന്നിൽ നടക്കും.ഇന്ത്യൻ കോളേജ് ഓഫ് കാർഡിയോളജികേരള ചാപ്റ്റർ പ്രസിഡന്റ് ഡോ.വിനോദ് തോമസ് സമ്മേളനം 24ന്, ശനിയാഴ്ച രാവിലെ ഉദ്ഘാടനം ചെയ്യും.

വൈസ് പ്രസിഡന്റ് ഡോ. സുരേഷ് കെ, സെക്രട്ടറി ഡോ. അനിൽ റോബി, ഡോ.അർഷാദ് എം, ഓർഗനൈസിങ് ചെയർമാൻ ഡോ.രാജേഷ് ടി, ഓർഗനൈസിങ് സെക്രട്ടറി ഡോ.രഞ്ജുകുമാർ ബി.സി. എന്നിവർ ഉത്ഘാടന ചടങ്ങിൽ സംസാരിക്കും.

മുതിർന്നവരിലെ ഹൃദ്രോഗം, കീറി മുറിക്കൽ ഇല്ലാത്ത ഇന്റർവെൻഷണൽ കാർഡിയോളജി, ഇലക്ട്രോഫിസിയോളജി, സ്ട്രക്ചറൽ ഹൃദ്രോഗത്തിലെ നടപടിക്രമങ്ങൾ, എക്കോകാർഡിയോഗ്രാഫി തുടങ്ങിയ വിഷയങ്ങളും ഹൃദ്രോഗ ചികിത്സയിലെ പുതിയ മരുന്നുകളും സംബന്ധിച്ച ചർച്ചകൾ രണ്ടു ദിവസങ്ങളിലായി നടക്കുമെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ.രഞ്ജു കുമാർ ബി.സി.പറഞ്ഞു.ഹൃദ്രോഗ പ്രതിരോധത്തിലെ (പ്രിവന്റീവ് കാർഡിയോളജി ) ഏറ്റവും പുതിയ കാൽവയ്പുകൾ സമ്മേളനം ചർച്ച ചെയ്യും.

ഹൃദ്രോഗങ്ങളിലേക്ക് നയിക്കുന്ന ഘടകങ്ങൾ നിയന്ത്രണ വിധേയമാക്കാൻ ആരോഗ്യ മേഖല സദാ സജ്ജമാകേണ്ടതുണ്ട്. രക്തസമ്മർദ്ദം, രക്തത്തിലെ ഗ്ളൂക്കോസ്, കൊളസ്ട്രോൾ, അമിതഭാരം, അനാരോഗ്യകരമായ ഭക്ഷണം ജീവിതരീതികൾ, എന്നിവയെ സംബന്ധിച്ച് നിരന്തരമായ ബോധവത്കരണ പരിപാടികളിലൂടെ വ്യക്തികളുടെ ജീവിത ശൈലിയിൽ കൃത്യമായ ഇടപെടലുകൾ നടത്തേണ്ടതും അനിവാര്യമാണ്.

ഇതിനുള്ള ചർച്ചകളും സമ്മേളനത്തിന്റെ ഭാഗമായി നടക്കുമെന്ന് ഓർഗനൈസിങ് സെക്രട്ടറി ഡോ.രഞ്ജു കുമാർ പറഞ്ഞു.അത്യന്താധുനിക കത്തീറ്റർ ചികിത്സകൾ, ഹൃദയവാൽവ് തകരാറുകൾ, പേസ്മേക്കറുകൾഎന്നിവയും മാർഗ്ഗരേഖകളും വിദഗ്ദ്ധർ വിശദീകരിക്കും. കാർഡിയോളജിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജെൻസിന്റെ പങ്ക്, പ്രിസിഷൻ മെഡിസിൻ, കൊറോണറി സ്റ്റെന്റുകളിലെ നൂതന ഗവേഷണം എന്നിവ ഉൾപ്പെടുന്നതാണ് രണ്ടാം ദിവസത്തെ ശാസ്ത്ര പരിപാടികൾ. നാന്നൂറിലധികം വിദഗ്ദ്ധ കാർഡിയോളജിസ്റ്റുകളും , ഗവേഷകരും ശാസ്ത്രജ്ഞരും സമ്മേളനത്തിൽ പങ്കെടുക്കും.

# സുഗന്ധവ്യഞ്ജനം: സമഗ്ര പദ്ധതി ആവിഷ്ക്കരിച്ച് സ്പൈസസ് ബോർഡ്

**കൊച്ചി:** സുഗന്ധവ്യഞ്ജനങ്ങളുടെയും മൂല്യവർധിത ഉൽപന്നങ്ങളുടെയും കയറ്റുമതിയും ഏലത്തിന്റെ ഉൽപാദനവും വർധിപ്പിക്കുന്നതിനായി സ്പൈസസ് ബോർഡ് സമഗ്ര പദ്ധതി ആവിഷ്ക്കരിച്ചു. 422.30 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന സ്പൈസ്ഡ് (സസ്റ്റൈനബിലിറ്റി ഇൻ സ്പൈസ് സെക്ടർ ത്രൂ പ്രോഗ്രസീവ് ആന്റ് കൊളാബറേറ്റീവ് ഇൻർവെൻഷൻസ് ഫോർ എക്സ്പോർട്ട് ഡെവലപ്മെന്റ് ) പദ്ധതിക്ക് കീഴിൽ സുഗന്ധവ്യഞ്ജനങ്ങളുടെ മൂല്യവർധനവ്, ശുദ്ധവും സുരക്ഷിതവുമായ സുഗന്ധവ്യഞ്ജന ഉൽപ്പാദനം, ഭൗമസൂചിക പദവി നേടിയ സുഗന്ധവ്യഞ്ജനങ്ങളുടെ കയറ്റുമതി പ്രോത്സാഹനം തുടങ്ങിയവയാണ് ലക്ഷ്യമിടുന്നത്. 2025 26 വരെയാണ് പദ്ധതിയുടെ കാലാവധി.സുഗന്ധവ്യഞ്ജന മേഖലയിലെ സംരംഭകരെ സഹായിക്കുന്നതിന് ഗവേഷണ സ്ഥാപനങ്ങളുമായി ചേർന്ന് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കും. ഏലത്തിന്റെ ഉൽപാദനം വർധിപ്പിക്കുന്നതിനായി കർഷക സംഘങ്ങൾ, ഭക്ഷ്യോൽപാദക സഹകരണ സംഘങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയിലെ ഏലം കർഷകർക്ക് സഹായം നൽകും. ഭക്ഷ്യസുരക്ഷ മാനദണ്ഡങ്ങളനുസരിച്ച് വിളവെടുപ്പിനു ശേഷമുള്ള സംസ്ക്കരണത്തിന് പ്രോത്സാഹനം നൽകും. കർഷകർക്ക് ഗുണമേൻമയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനം, ആവർത്തന കൃഷി തരത്തിൽ ജലസ്രോതസുകളുടെ നിർമ്മാണം, ജലസേചന സംവിധാനങ്ങളുടെ നിർമാണം തുടങ്ങിയവയ്ക്ക് പദ്ധതിയിലൂടെ ധനസഹായം നൽകും.

സ്പൈസസ് ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത സുഗന്ധവ്യഞ്ജന കയറ്റുമതിക്കാർക്ക് മൂല്യവർദ്ധനയ്ക്കും കയറ്റുമതി വികസനത്തിനുമുള്ള ധനസഹായത്തിന് അപേക്ഷിക്കാം. ചെറുകിട, ഇടത്തരം സംരംഭകർക്ക് പുറമെ ആദ്യമായി അപേക്ഷിക്കുന്നവർക്കും മുൻഗണനയുണ്ടാകും. ധനസഹായത്തിനുള്ള അപേക്ഷകൾ ഓൺലൈനായി സെപ്റ്റംബർ 20 മുതൽ സമർപ്പിക്കാം. വിശദാംശങ്ങൾക്ക് www.indianspices.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# തിരുവനന്തപുരത്ത് സൗരോർജ്ജ തെരുവ് വിളക്ക് പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാക്കി ക്രോംപ്ടൺ

**തിരുവനന്തപുരം:** തിരുവനന്തപുരം നഗരത്തെ കൂടുതൽ പ്രഭാപൂരിതമാക്കികൊണ്ട് സൗരോർജ്ജ തെരുവ് വിളക്ക് പദ്ധതിയുടെ ആദ്യഘട്ടം വിജയകരമായി പൂർത്തീകരിച്ച് ക്രോംപ്ടൺ. വെളിച്ചം പകുരന്നതിനൊപ്പം കൂടുതൽ സുസ്ഥിരവുമായ ഇന്ത്യയിലേക്കുള്ള മുന്നേറ്റത്തിനായി 2000ലധികം അത്യാധുനിക സൗരോർജ്ജ തെരുവ് വിളക്കുകൾ തിരുവനന്തപുരം സൗരോർജ്ജ നഗര പദ്ധതിയുടെ ഭാഗമാകും. തിരുവനന്തപുരത്തെ ക്ലാസ് ബി, സി റോഡുകളെ മെച്ചപ്പെടുത്തുവാൻ ക്രോംപ്ടൺ അതിവേഗം വിന്യസിച്ചു കൊണ്ടിരിക്കുന്ന സൗരോർജ്ജ തെരുവ് വിളക്കുകൾ ഇവുടത്തെ സുരക്ഷിതത്വവും മെച്ചപ്പെടുത്തുവാനും കാർബൺ പുറത്തുവിടൽ കുറയ്ക്കുവാനും പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കുവാനും സാധിക്കുന്നു.അടുത്ത 5 വർഷങ്ങളിൽ തിരുവനന്തപുരത്തിന്റെ ഊർജ്ജ ഉപഭോഗം ഏതാണ്ട് 1.75 എംഡബ്ലിയുഎച്ച് ആയി കുറയ്ക്കുവാൻ പോകുന്ന ഈ പദ്ധതി ഗണ്യമാംവിധം കാർബൺ പുറന്തുവിടൽ കുറയ്ക്കുന്നതിനും സഹായിക്കും. സ്ഥാപിക്കുവാനും പരിപാലിക്കുവാനും എളുപ്പമാക്കുന്ന തരത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്നവയാണ് ഇവ. കൂടുതൽ ഹരിതാഭമായ ഭാവിയിലേക്കുള്ള കേരളത്തിന്റെ യാത്രയിൽ ഇത്തരം സുസ്ഥിര സംരംഭങ്ങളിലൂടെ പങ്കാളികളാകുന്നതിൽ അഭിമാനമുണ്ടെന്ന് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെ ലൈറ്റിങ്ങ് വൈസ് പ്രസിഡന്റും ബിസിനസ് ഹെഡ്ഡുമായ ഷലീൻ നായക് പറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ബിഫസ്റ്റ് പദ്ധതി: 400 ക്ലാസുകൾ പൂർത്തിയാക്കി ആസ്റ്റർ മെഡ്സിറ്റി

**കൊച്ചി:** അത്യാഹിത ഘട്ടങ്ങളിൽ മനുഷ്യരുടെ ജീവൻ രക്ഷിക്കുന്നതിനുള്ള പ്രാഥമിക ശുശ്രൂഷാ മാർഗങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ആസ്റ്റർ മെഡ്സിറ്റി ആവിഷ്കരിച്ച 'ബി ഫസ്റ്റ്' പദ്ധതി വിജയകരമായ രണ്ട് വർഷങ്ങൾ പൂർത്തിയാക്കി. പദ്ധതിയുടെ നാനൂറാമത് ബോധവത്കരണ ക്ലാസ് എറണാകുളത്തെ സെന്റ്. തെരേസാസ് കോളേജിൽ വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. ആസ്റ്റർ ഡിഎം ഹെൽത്ത്കെയറിന്റെ സേവന വിഭാഗമായ ആസ്റ്റർ വോളണ്ടിയേഴ്സ് സെന്റ് തെരേസാസ് കോളേജ് ചടട യൂണിറ്റുമായി ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്. നാനൂറിലേറെ വിദ്യാർഥികൾ പങ്കെടുത്ത ക്ലാസിൽ, ഫസ്റ്റ് എയിഡ്, ബേസിക് ലൈഫ് സപ്പോർട്ട്, മറ്റ് അടിയന്തര വൈദ്യസഹായ നൈപുണ്യം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകി.

ജീവൻ രക്ഷിക്കുക എന്ന ഏറ്റവും അടിസ്ഥാനപരമായ അറിവാണ് ആസ്റ്റർ മെഡ്സിറ്റി പ്രചരിപ്പിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ പറഞ്ഞു. അടിയന്തര ഘട്ടങ്ങളിൽ രോഗികളെ എങ്ങനെ സുരക്ഷിതമായി കൈകാര്യം ചെയ്യണമെന്ന് സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും ബോധവത്കരിക്കുന്ന രീതിയിലാണ് ബി ഫസ്റ്റ് പദ്ധതി നടപ്പിലാക്കുന്നത്. മറ്റുള്ളവർക്ക് ആരോഗ്യസംബന്ധമായ ഒരു പ്രശ്നമുണ്ടായാൽ മടിച്ചുനിൽക്കാതെ ഇടപെടാനും അവരെ സഹായിക്കാനുമുള്ള ഒരു സംസ്കാരം വളർത്തിയെടുക്കാൻ ഇത്തരം പദ്ധതികൾ സഹായിക്കുമെന്നും വിഡി സതീശൻ പറഞ്ഞു.

2022ലെ സ്വാതന്ത്ര്യദിനത്തിലാണ് 'ബി ഫസ്റ്റ്' പദ്ധതിക്ക് ആസ്റ്റർ മെഡ്സിറ്റി തുടക്കമിടുന്നത്. ഇതുവരെ കേരളത്തിലുടനീളം 30,000ലധികം ആളുകൾക്ക് പരിശീലനം നൽകിക്കഴിഞ്ഞു.

കോളേജ് വിദ്യാർത്ഥികൾ, കോർപറേറ്റ് ജീവനക്കാർ, എൻ.ജി.ഒകൾ, കുടുംബശ്രീയിലെ അംഗങ്ങൾ, എൻസിസി കേഡറ്റുകൾ, പോലീസ് ഉദ്യോഗസ്ഥർ, ട്രാഫിക് പോലീസ് സേനയിലെ അംഗങ്ങൾ എന്നിവർ ഇതിലുൾപ്പെടുന്നു.



# കണ്ടൽ നടീൽ പദ്ധതിക്ക് തുടക്കമിട്ട് സിഎംഎഫ്ആർഐ

**കൊച്ചി:** കണ്ടൽ നടീൽ പദ്ധതിക്ക് തുടക്കമിട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). കഴിഞ്ഞ പരിസ്ഥിതി ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ച 'അമ്മയ്ക്കൊരു മരം' പദ്ധതിയുടെ ഭാഗമായാണിത്. സിഎംഎഫ്ആർയുടെ കീഴിലുള്ള ഞാറയ്ക്കലിലെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ കായലിനോട് ചേർന്നുള്ള സ്ഥലത്ത് നൂറോളം കണ്ടൽ തൈകൾ നട്ടുപിടിപ്പിച്ചു.

ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്ജ് ഉദ്ഘാടനം ചെയ്തു.തീരദേശ ജനതയുടെ ജൈവകവചമാണ് കണ്ടൽവനങ്ങളെന്ന് അദ്ദേഹം പറഞ്ഞു. കടലോരങ്ങളിൽ കാലാവസ്ഥാവ്യതിയാനത്തിന്റെ കെടുതികളെ ചെറുക്കാൻ ശേഷിയുള്ളതാണ് കണ്ടലുകൾ. തീരപ്രദേശങ്ങളിൽ കാലാവസ്ഥാവ്യതിയാനത്തെ തുടർന്നുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽ നിന്ന് രക്ഷനേടാൻ ഇവ സഹായകരമാകുമെന്നും അദ്ദേഹം പറഞ്ഞു.കണ്ടൽവനവൽകരണത്തെ കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കലും പദ്ധതിയുടെ ലക്ഷ്യമാണ്. അടുത്ത ഘട്ടത്തിൽ, ഞാറക്കൽ, വൈപ്പിൻ ഗ്രാമപഞ്ചായത്ത് അധികൃതരുമായി സഹകരിച്ച് കണ്ടൽ നടീൽ കാംപയിൻ കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കാനും സിഎംഎഫ്ആർഐക്ക് പദ്ധതിയുണ്ട്.

കാംപയിനിന്റെ ഭാഗമായി സിഎംഎഫ്ആർഐയുടെ ആസ്ഥാനത്തും തേവരയിലെ പാർപ്പിട സമുച്ചയത്തിലും വിവിധ ഫലവൃക്ഷത്തൈകൾ നട്ടു. സിഎംഎഫആർഐയിലെ സമുദ്രജൈവവൈവിധ്യ പരിസ്ഥിതി മാനേജ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിലാണ് കാംപയിൻ.

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന സിഎംഎഫ്ആർഐയുടെ പ്രാദേശിക ഗവേഷണ കേന്ദ്രങ്ങളിലും കണ്ടലുകളും വൃക്ഷത്തൈകളും നട്ടുപിടിപ്പിച്ചു.



# ഐകൂ ഇസെഡ് 9എസ് പ്രൊ 5ജി, ഐകൂ ഇസെഡ് 9എസ് 5ജി അവതരിപ്പിച്ചു

**കൊച്ചി:** ഐകൂ അതിന്റെ മിഡ് റേഞ്ച് സ്മാർട്ട്ഫോൺ ഐകൂ ഇസെഡ് 9എസ് സീരീസ്, ഐകൂ ഇസെഡ് 9എസ് പ്രൊ, എന്നിവഅവതരിപ്പിച്ചു.ഐക്കൂ ഇസെഡ് 9എസ് പ്രൊ , 5ജി സ്നാപ്ഡ്രാഗൺ 7 ജെൻ 3 പ്രോസസറാണ് നൽകുന്നത്.ഐകൂ ഇസെഡ് 9 എസ് സീരീസ്, 5ജി മീഡിയ ടെക് 7300 ആണ് നൽകുന്നത്. ഐകൂ ഇസെഡ് 9എസ് പ്രൊ, 8ജിബി +128ജിബി യ്ക്ക് 24,999 രൂപയും ഐകൂ ഇസെഡ് 9എസ് 5ജി 8ജിബി +128ജിബി യ്ക്ക് 19,999 രൂപയും ആണ്.രണ്ട് ഉപകരണങ്ങളും ഒപ്റ്റിക്കൽ ഇമേജ് സ്റ്റെബിലൈസേഷനോടുകൂടിയ 50 എംപി സോണി ഐഎംഎക്സ്882 സെൻസറും , ഓഐഎസ് ഉള്ള 4കെ വീഡിയോ റെക്കോർഡിംഗും സൂപ്പർ നൈറ്റ് മോഡും അവതരിപ്പിക്കുന്നു. ഐകൂ ഇസെഡ് 9എസ്, ഇസെഡ് 9എസ് പ്രൊ 5ഏൽ 8 എംപി അൾട്രാവൈഡ് ലെൻസും ഉൾപ്പെടുന്നു, വിശാലമായ കാഴ്ചപ്പാടോടെ ക്രിയേറ്റീവ് സാധ്യതകൾ വികസിപ്പിക്കുന്നു. ഈ ക്യാമറ സവിശേഷതകൾ അസാധാരണമായ ഫോട്ടോയും വീഡിയോയും നൽകുന്നു.

# അധ്യാപക ഒഴിവ്

**തിരുവനന്തപുരം:** തിരുവനന്തപുരത്ത് എയ്ഡഡ് സ്കൂളിൽ എൽ.പി.എസ്.ടി വിഭാഗത്തിൽ ഭിന്നശേഷി ഉദ്യോഗാർഥിക്കായി (കാഴ്ച പരിമിതി 1) സംവരണം ചെയ്ത തസ്തികയിൽ ഒഴിവുണ്ട്.ടി.ടി.സി/ ഡി.എഡ്/ ഡി.എൽ.എഡ് അല്ലെങ്കിൽ തത്തുല്യം, യോഗ്യത പരീക്ഷ അല്ലെങ്കിൽ തത്തുല്യം എന്നിവയാണ് യോഗ്യത. വയസ് 1840 ഭിന്നശേഷിക്കാർക്ക് വയസിളവ് ലഭിക്കും. യോഗ്യതയുള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി അതത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആഗസ്റ്റ് 29ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യണം.



# കാൻഡിയറിന്റെ കേരളത്തിലെ ആദ്യ ഷോറൂം തൃശൂരിൽ തുറക്കുന്നു

**കൊച്ചി:** കല്യാൺ ജൂവലേഴ്സിന്റെ ലൈഫ്സ്റ്റൈൽ ജൂവലറി ബ്രാൻഡായ കാൻഡിയറിന്റെ കേരളത്തിലെ ആദ്യ ഷോറൂമിന് തൃശൂരിൽ തുടക്കം കുറിക്കുന്നു. തൃശൂർ പാറമേക്കാവ് അമ്പലത്തിനോട് ചേർന്നുള്ള ദീപാഞ്ജലി കോംപ്ലക്സിലാണ് കാൻഡിയർ ഷോറൂം. ഓഗസ്റ്റ് 24 ന് രാവിലെ 11 ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ ഉദ്ഘാടനം ചെയ്യും. രാജ്യത്തെ 28മത് കാൻഡിയർ ഷോറൂമാണ് തൃശൂരിലേത്.ആധുനിക ഉപയോക്താക്കൾക്ക് ഡയമണ്ടുകൾ ലഭ്യമാക്കുന്നതിനായി ഡിജിറ്റൽ ഫസ്റ്റ് എന്ന രീതിയിൽ ആരംഭിച്ച കാൻഡിയർ പിന്നീട് വിപുലമായ ഓമ്നി ചാനൽ ബ്രാൻഡായി വളർന്നു. കാൻഡിയറിൻറെ റീട്ടെയ്ൽ രംഗത്തേയ്ക്കുള്ള വിപുലീകരണത്തിൻറെ ഭാഗമായി ഓൺലൈൻ, ഓഫ്ലൈൻ സൗകര്യങ്ങൾ കൂടിച്ചേർന്നുള്ള ഷോപ്പിംഗ് അനുഭവം ലഭ്യമാക്കുകയാണ് പുതിയ ഷോറൂമിലൂടെ.ബ്രാൻഡിൻറെ സുപ്രധാനമായ കാൽവെയ്പാണ് തൃശൂരിലെ കാൻഡിയറിന്റെ കേരളത്തിലെ ആദ്യ ഷോറൂം എന്ന് കല്യാൺ ജൂവലേഴ്സ് മാനേജിംഗ് ഡയറക്ടർ ടി.എസ്. കല്യാണരാമൻ പറഞ്ഞു.

ഡിജിറ്റൽ ഫസ്റ്റ് രീതിയിൽ തുടക്കമിട്ട കാൻഡിയർ സംപൂർണ ഓമ്നി ചാനൽ ഷോപ്പിംഗ് അനുഭവമാണ് ഉപഭോക്താക്കൾക്ക് നല്കുന്നത്. ഉപയോക്താക്കൾക്ക് ട്രെൻഡിന് അനുസരിച്ചുള്ള ഡയമണ്ട് ആഭരണങ്ങൾ സ്റ്റോറിൽ നിന്നും ഓൺലൈനായും വാങ്ങുന്നതിനുള്ള സൗകര്യമാണ് കാൻഡിയറിലുള്ളത്. കേരളത്തിലെ ആളുകൾ കല്യാൺ ജൂവലേഴ്സിനോട് കാണിക്കുന്ന സ്നേഹവും താൽപര്യവും കാൻഡിയറിനോടും കാണിക്കുമെന്ന ആത്മവിശ്വാസമുണ്ടെന്നും അദ്ദേഹം പറഞ്ഞു.കേരളത്തിലെ ആദ്യ ഷോറൂമിന്റെ ഉദ്ഘാടനത്തിൻറെ ഭാഗമായി കാൻഡിയർ പ്രത്യേകമായ ഡിസ്ക്കൗണ്ടുകളും നൽകുന്നുണ്ട്. സോളിറ്റയറുകളുടെ സ്റ്റോൺ മൂല്യത്തിൽ 30 ശതമാനം ഇളവ്, ഡയമണ്ട് സ്റ്റോൺ മൂല്യത്തിൽ 20 ശതമാനം ഇളവ്, പ്ലാറ്റിനം പണിക്കൂലിയിൽ 55 ശതമാനം വരെ ഇളവ് എന്നിവയാണ് ഇളവുകൾ. കാൻഡിയറിൻറെ സവിശേഷമായ രൂപകല്പ്പനയിലുള്ള ലൈറ്റ് വെയിറ്റ് ആഭരണനിര സ്വന്തമാക്കുന്നതിനുള്ള മികച്ച അവസരമാണ് ഉദ്ഘാടനത്തോട് അനുബന്ധിച്ചുള്ള ഈ ഓഫറുകൾ.പുതിയ തലമുറയ്ക്ക് പ്രിയങ്കരമായ രീതിയിലുള്ള ലൈറ്റ് വെയിറ്റ് ആഭരണങ്ങൾക്കും രൂപകൽപ്പനയിൽ സവിശേഷമായ ഡയമണ്ട്, പ്ലാറ്റിനം ആഭരണങ്ങൾക്കും പേരുകേട്ടതാണ് കാൻഡിയർ. 10,000 രൂപ മുതൽ വില ആരംഭിക്കുന്ന സമ്മാനമായി നൽകാനാകുന്ന ആഭരണങ്ങളുടെ ക്യൂറേറ്റഡ് സെലക്ഷനും ബ്രാൻഡ് ലഭ്യമാക്കുന്നുണ്ട്.കാൻഡിയറിനെക്കുറിച്ചും ആഭരണ ശേഖരത്തെ സംബന്ധിച്ചും നിലവിലുള്ള ഓഫറുകളെക്കുറിച്ചും അറിയുന്നതിന് പുതിയ ഔട്ട് ലെറ്റ് സന്ദർശിക്കുക.



# വയനാട്: ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന ചെയ്ത് സ്റ്റാർ ഹെൽത്ത്

**വയനാട്:** രാജ്യത്തെ പ്രമുഖ റീട്ടെയിൽ ഹെൽത്ത് ഇൻഷുറൻസ് ദാതാവായ സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് (സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ്) വയനാട് ഉരുൾപ്പൊട്ടലിലെ ദുരിത ബാധിതർക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 50 ലക്ഷം രൂപ സംഭാവന ചെയ്തു. ദുരിത ബാധിതരായ വ്യക്തികൾക്കും കുടുംബങ്ങൾക്കും എത്രയുടെ പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിന് വേണ്ട നടപടികൾ കമ്പനി സ്വീകരിച്ചു. സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് മാനേജിങ് ഡയറക്ടും സിഇഒയുമായ ആനന്ദ് റോയി മുഖ്യമന്ത്രി പിണറായി വിജയന് നേരിട്ട് സംഭാവന കൈമാറി.

ഇൻഷുറൻസ് നൽകുന്നതിനപ്പുറം കേരളത്തിലെ ജനങ്ങളോട് പ്രതിബദ്ധതയുണ്ടെന്നും പ്രതിസന്ധിയുടെ ഘട്ടത്തിൽ സമൂഹത്തിന് ശക്തി പകരുന്നതിൽ കടപ്പെട്ടിരിക്കുന്നുവെന്നും വയനാട് ഉരുൾപ്പൊട്ടൽ ചിന്തിക്കാൻ പോലും കഴിയാത്ത ദുരിതങ്ങളാണ് കുടുംബങ്ങൾക്ക് ഉണ്ടാക്കിയിരിക്കുന്നതെന്നും സാമ്പത്തിക സഹായം മാത്രമല്ല, വെല്ലുവിളിയുടെ ഈ സമയത്ത് സമഗ്രമായ പിന്തുണ നൽകി ആളുകളുടെ ജീവിതത്തിൽ മാറ്റം കൊണ്ടുവരുകയാണ് ലക്ഷ്യമെന്നും സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് മാനേജിങ് ഡയറക്ടും സിഇഒയുമായ ആനന്ദ് റോയി പറഞ്ഞു.

# ഐസിഎസ് സി മാക്സി പുരസ്കാരം ലുലുവിന്



**കൊച്ചി:** ആഗോള റീട്ടെയ്ൽ രംഗത്തെ ഏറ്റവും മികച്ച പുരസ്കാരങ്ങളിലൊന്നായ ഐസിഎസ് സി മാക്സി പുരസ്കാരം സ്വന്തമാക്കി ലുലു. എക്സ്പീരൻഷ്യൽ സിംഗിൾ മാർക്കറ്റ് പ്ലേസ് വിഭാഗത്തിൽ കൊച്ചി ലുലു മാളിനും ഇന്റഗ്രേറ്റഡ് സിംഗിൾ മാർക്കറ്റ് പ്ലേസ് വിഭാഗത്തിൽ ലഖ്നൗ ലുലു മാളിനുമാണ് അവാർഡുകൾ. യുഎസ് ലാസ് വെയ്ഗസിൽ നടന്ന ചടങ്ങിൽ വച്ച് ലുലുവിന് പുരസ്കാരങ്ങൾ സമ്മാനിച്ചു.ഏഷ്യ, അമേരിക്ക, യൂറോപ്പ്, ഓസ്ട്രേലിയ തുടങ്ങി ലോകത്തെ വിവിധിയടങ്ങളിലുള്ള 75ലേറെ ആഗോള ഷോപ്പിങ്ങ് സെന്ററുകളോട് മത്സരിച്ചാണ് ലുലു പുരസ്കാരം സ്വന്തമാക്കിയത്. ഐസിഎസി മാക്സി സിൽവർ പുരസ്കാരങ്ങളാണ് ലുലുവിന് ലഭിച്ചത്. ലുലുവിന്റെ മാർക്കറ്റിങ്ങ് മികവിനുള്ള അംഗീകാരമാണ് ഈ അന്താരാഷ്ട്ര പുരസ്കാരം.ലുലു മാളിനകത്ത് നടന്ന ഇൻഡോർ വടംവലി മത്സരമാണ് കൊച്ചി ലുലുവിനെ അവാർഡിന് അർഹരാക്കിയത്. ലോകത്ത് തന്നെ ആദ്യമായാണ് ഇത്തരമൊരു ഇൻഡോർ വടംവലി മത്സരം മാളിനകത്ത് സംഘടിപ്പിച്ചത്. പ്രാദേശിക കായിക വിനോദത്തെ പ്രോത്സാഹിപ്പിക്കുന്ന മാർക്കറ്റിങ്ങ് മികവ് കൂടി വിലയിരുത്തിയാണ് പുരസ്കാരം. രാജ്യത്തെ വിവാഹസങ്കൽപ്പങ്ങളുടെ പ്രധാന്യവും പാരമ്പര്യവും വ്യക്തമാക്കി നടന്ന വെഡ്ഡിങ്ങ് ഉത്സവിലെ മികവ് കണക്കിലെടുത്താണ് ലഖ്നൗ ലുലു മാളിന് അവാർഡ്. കൃത്യമായ മാർക്കറ്റിങ്ങും മികച്ച നിലവാരവും വിലയിരുത്തിയാണ് പുരസ്കാരം നിശ്ചയിച്ചത്. റീട്ടെയ്ൽ മേഖലയിലെ ലുലുവിന്റെ മുന്നേറ്റത്തിന് കൂടുതൽ കരുത്ത് പകരുന്നത് കൂടിയാണ് യുഎസിൽ നിന്നുള്ള ആഗോള പുരസ്കാരം.

# കെഎസ്യുഎം ഹഡിൽ ഗ്ലോബൽ റോഡ് ഷോ ഇന്ന് മുതൽ

**കൊച്ചി:** നവംബറിൽ നടക്കാനിരിക്കുന്ന രാജ്യത്തെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ഫെസ്റ്റിവലുകളിൽ ഒന്നായ ഹഡിൽ ഗ്ലോബലിൻറെ പ്രചരണാർത്ഥം കേരള സ്റ്റാർട്ടപ്പ് മിഷൻ നടത്തുന്ന ഹഡിൽ ഗ്ലോബർ റോഡ് ഷോയ്ക്ക് ഇന്ന് തുടക്കമാകും. കേരള സ്റ്റാർട്ടപ്പ് മിഷൻറെ കളമശേരിയിലെ കാമ്പസിൽ വൈകീട്ട് 3 മണിക്കാണ് റോഡ് ഷോ നടക്കുന്നത്.

ഹഡിൽ ഗ്ലോബലിനെക്കുറിച്ച് കൂടുതലറിയാനും സ്റ്റാർട്ടപ്പ് രംഗത്തെ പ്രമുഖരുമായി ആശയവിനിമയം നടത്തുക, സ്വന്തം നൂതനാശയങ്ങൾ അവതരിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ റോഡ് ഷോയിലുണ്ടാകും. സൌൊ.ശി/ഒഎ്ഥഞീമറവെീം എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്ത് റോഡ് ഷോയിൽ പങ്കെടുക്കാം.ആഗസ്റ്റ് 24 ശനിയാഴ്ച കോഴിക്കോട് യുഎൽ സൈബർപാർക്കിലും 27, ചൊവ്വാഴ്ച തിരുവനന്തപുരം ടെക്നോപാർക്കിലുമാണ് റോഡ് ഷോ നടക്കുന്നത്.നവംബർ 28, 29, 30 എന്നീ തിയതികളിൽ തിരുവനന്തപുരത്താണ് ഹഡിൽ ഗ്ലോബൽ സമ്മേളനം നടക്കുന്നത്.

# ആക്സിസ് കൺസംപ്ഷൻ ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** ആക്സിസ് മ്യൂചൽ ഫണ്ടിൻറെ തീമാറ്റിക് ഫണ്ടായ ആക്സിസ് കൺസംപ്ഷൻ ഫണ്ട് അവതരിപ്പിച്ചു. ന്യൂ ഫണ്ട് ഓഫർ ആഗസ്റ്റ് 23 മുതൽ സെപ്റ്റംബർ 6 വരെ നടത്തും. ഇന്ത്യയിലെ വളരുന്നു ഉപഭോഗ മേഖലയുടെ ശക്തി പ്രയോജനപ്പെടുത്തുന്നതിനും രാജ്യത്തിൻറെ വർദ്ധിച്ചുവരുന്ന ഉപഭോക്തൃ ആവശ്യകതയിൽ നിന്ന് പ്രയോജനം നേടുന്നതിനുള്ള മികച്ച അവസരം നിക്ഷേപകർക്ക് നൽകുന്ന ഈ ഓപ്പൺ എൻഡഡ് ഇക്വിറ്റി പദ്ധതിയുടെ എൻഎഫ്ഒയിലെ കുറഞ്ഞ നിക്ഷേപം 100 രൂപയാണ്. തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായും നിക്ഷേപിക്കാം.

അഞ്ചു വർഷത്തിനു മേൽ നിക്ഷേപ കാലാവധി ലക്ഷ്യമിടുന്നവർക്കായിരിക്കും ഈ പദ്ധതി കൂടുതൽ അഭികാമ്യം. നിഫ്റ്റി ഇന്ത്യ കൺസംപ്ഷൻ ടിആർഐ ആയിരിക്കും പദ്ധതിയുടെ അടിസ്ഥാന സൂചിക. ആഗോള തലത്തിൽ അനിശ്ചിതത്വങ്ങൾ തുടരുമ്പോഴും ആഭ്യന്തര വിപണി പ്രകടിപ്പിക്കുന്ന വളർച്ചാ സാധ്യതകളും സുസ്ഥിരതയും പ്രയോജനപ്പെടുത്തുകയാണെന്നും ഇന്ത്യ സാമ്പത്തിക പാതയിൽ ശക്തമായി തുടരുകയാണെന്നും നിക്ഷേപകർക്കായി വൈവിധ്യപൂർണമായ നിക്ഷേപം ലഭ്യമാക്കാനാണ് പദ്ധതി ശ്രമിക്കുന്നതെന്നും ആക്സിസ് എഎംസി മാനേജിങ് ഡയറക്ടറും സിഇഒയുമായ ബി ഗോപകുമാർ പറഞ്ഞു.

# ഗതാഗതകുരുക്ക് പരിഹരിക്കാൻ ഇടപെടൽ വേണം

**ആലുവ:** ദേശീയ പാതയിലേയും നഗരത്തിലേയും അനുദിനം വർദ്ധിച്ചുവരുന്ന ഗതാഗതകുരുക്ക് പരിഹരിക്കാൻ സംസ്ഥാന സർക്കാരും ദേശീയ പാത അതോറിറ്റിയും അടിയന്തിര ഇടപെടൽ നടത്തണമെന്ന് മുസ്ലീം ലീഗ് അലുവ ടൗൺ കമ്മിറ്റി പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.വയനാട് ദുരിതണബാധിതർക്കായി മുസ്ലീം ലീഗിന്റെ നേതൃത്വത്തിൽ നടത്തുന്ന ഫണ്ട് ശേഖരണം സമയബന്ധിതമായി പൂർത്തികരിക്കുവാനും ത്രിതല പഞ്ചായത്ത് തെരെഞ്ഞെടുപ്പിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾക്കും യോഗം രൂപം നൽകി . മുസ്ലി ലീഗ് ജില്ലാ ജനറൽ സെക്രട്ടറി അഡ്വ വി.ഇ അബ്ദുൾ ഗഫൂർ ഉദ്ഘാടനം ചെയ്തു. ടൗൺ പ്രസിഡൻറ് എം.പി അബ്ദുൾ ലത്തീഫ് അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന കൗൺസിൽ അംഗം പി.എ താഹിർ , ജില്ലാ കൗൺസിൽ അംഗം പി.എ അബദുൾ സമദ് ,ടൗൺ ജനറൽ സെക്രട്ടറി എം.എ മുഹമ്മദ് ബഷീർ, ടൗൺ ട്രഷറർ കെ.കെ അബ്ദുൾ സലാം ഇസ്ലാമിയ,അൻസാർ ഗ്രാന്റ്,എം.എ മുഹമ്മദാലി,സി.കെ അബദുൾ സലാം,ആഖിബ് എം.എ ,സാനിഫ് അലി എന്നിവർ സംസാരിച്ചു

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഇരുപതാം വർഷത്തിൽ പുതിയ ലോഗോയുമായി ഇൻഫോപാർക്ക്

**കൊച്ചി:** ദക്ഷിണേന്ത്യയിലെ ഏറ്റവും ചടുലമായ ഐടി ആവാസവ്യവസ്ഥയുടെ നെടുംതൂണായ ഇൻഫോപാർക്കിൻറെ പുതിയ ലോഗോ നിലവിൽ വന്നു. പ്രവർത്തനം തുടങ്ങി ഈ നവംബറിൽ 20 വർഷങ്ങൾ പൂർത്തിയാക്കാനിരിക്കെയാണ് പുതിയ ലോഗോ ഇൻഫോപാർക്ക് അവതരിപ്പിക്കുന്നത്.വയലറ്റ്, നീല, പച്ച എന്നീ നിറങ്ങളിലാണ് പുതിയ ലോഗോ. സംസ്ഥാനത്തെ ഐടി ആവാസവ്യവസ്ഥയുടെയും ഇൻഫോപാർക്കിൻറെയും സക്രിയമായ വളർച്ചയെ കാണിക്കുന്നതാണ് ലോഗോയുടെ ഡിസൈൻ. 20ാം വർഷത്തിലെത്തി നിൽക്കുമ്പോൾ ഇൻഫോപാർക്കിൻറെ ശോഭനമായ ഭാവിയെയും ഐടി വ്യവസായത്തിലുള്ള ശക്തമായ സാന്നിദ്ധ്യത്തെയും ഇത് പ്രതിനിധാനം ചെയ്യുന്നു. പെൻ റോസ് ട്രയാംഗിളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട പുതിയ ലോഗോ മൂന്ന് ബീമുകൾ ചേർന്ന് അതിരറിയാത്ത ത്രികോണമായി മാറുകയാണ്.

ഐടി നിർമ്മാണ മേഖലയിലെ റിയൽ എസ്റ്റേറ്റ് സേവനങ്ങൾക്കപ്പുറം ഐടി ആവാസവ്യവസ്ഥയായി ഇൻഫോപാർക്ക് മാറുന്നതിൻറെ സൂചകമാണ് പുതിയ ലോഗോയെന്ന് സിഇഒ സുശാന്ത് കുറുന്തിൽ പറഞ്ഞു. ഇൻസ്പയർ (പ്രചോദനം), കോളാബൊറേറ്റ് (സഹകരണം), ഇനോവേറ്റ് (നൂതനത്വം) എന്നീ ടാഗ് ലൈനും പുതിയ ലോഗോയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.ഇൻഫോപാർക്കിന്റെ എല്ലാ രേഖകളിലും ബുധനാഴ്ച മുതൽ പുതിയ ലോഗോ ഉപയോഗിച്ച് തുടങ്ങുമെന്നും അദ്ദേഹം പറഞ്ഞു.

കൊച്ചി കാക്കനാടുള്ള ഇൻഫോപാർക്ക് ഫേസ് ഒന്നും രണ്ടും എന്നിവ കൂടാതെ കൊരട്ടിയിൽ ഇൻഫോപാർക്ക് തൃശൂർ, ആലപ്പുഴ ജില്ലയിൽ ഇൻഫോപാർക്ക് ചേർത്തല എന്നീ കാമ്പസുകളുണ്ട്. മൊത്തമായി 92 .4 ലക്ഷം ചതുരശ്രയടി സ്ഥലമാണുള്ളത്. 70,000 നടുത്ത് ഐടി ജീവനക്കാർ ഇവിടെ ഏതാണ്ട് 582 കമ്പനികളിലായി ജോലി ചെയ്യുന്നു.

# ടിഷർട്ട് കളക്ഷനുമായി റോയൽ എൻഫീൽഡ്




കൊച്ചി: കേരളം ഐക്കണിക് മോട്ടോർസൈക്കിൾ ബ്രാൻഡായ റോയൽ എൻഫീൽഡ്, ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിനായുള്ള ഏറ്റവും പുതിയ ആദരാഞ്ജലി റീജിയണൽ ടിഷർട്ട് ശേഖരം അനാവരണം ചെയ്തു. 16 ഡിസൈനുകളുടെ ഈ എക്സ്ക്ലൂസീവ് ശ്രേണി വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളുടെ തനതായ മനോഭാവത്തെ ആഘോഷിക്കുന്നു, അവരുടെ വ്യതിരിക്തമായ സംസ്കാരത്തിനും പൈതൃകത്തിനും ലാൻഡ്മാർക്കുകൾക്കും ആദരവ് അർപ്പിക്കുന്നു. ഐ എൻ ആർ 990 വിലയുള്ള ടിഷർട്ടുകൾ 100% ബിസിഐ കോട്ടണിൽ നിന്നാണ് നിർമ്മിച്ചിരിക്കുന്നത്.

# ആലപ്പി റിപ്പിൾസിന്റെ ടീസർ ചിത്രം പുറത്തിറങ്ങി




**ആലപ്പുഴ:** തുഴയില്ല, തൂക്കിയടി മാത്രം. ഇതാണ് പ്രഥമ കേരള ക്രിക്കറ്റ് ലീഗിൽ പങ്കെടുക്കുന്ന ആലപ്പി റിപ്പിൾസ് ടീമിന്റെ ടാഗ് ലൈൻ. ആലപ്പുഴയുടെ പ്രാദേശിക തനിമ ഉൾക്കൊള്ളുന്ന തുഴയും ടി20 ക്രിക്കറ്റിലെ തൂക്കിയടിയും വരാനിരിക്കുന്ന കേരള ക്രിക്കറ്റ് ലീഗിൽ ആലപ്പുഴ ടീമിന്റെ തന്ത്രങ്ങളുടെ പ്രതിഫലനം ഉൾക്കൊള്ളുന്നതാണ്. പ്രശസ്ത ക്രിയേറ്റീവ് ഏജൻസിയായ ആർ. കെ സ്വാമിയാണ് ടാഗ് ലൈൻ തയ്യാറാക്കിയത്.ഇതോടൊപ്പം ടീമിന്റെ ടീസർ ചിത്രവും ആലപ്പി റിപ്പിൾസിന്റെ സമൂഹ മാദ്ധ്യമ പേജുകളിലൂടെ പുറത്തിറക്കി. കുട്ടനാടിന്റെ മനോഹാരിതക്കൊപ്പം വള്ളംകളിയുടെ പശ്ചാത്തലത്തിലാണ് ആലപ്പി റിപ്പിൾസിന്റെ ടീസർ. ബിഗ് ബോസ് മത്സര ജേതാവായ ജിന്റോയാണ് ടീസറിലെ മുഖ്യകഥാപാത്രം. ഒപ്പം നിരവധി തുഴച്ചിൽക്കാരും ടീസറിന്റെ ഭാഗമാകുന്നു. വള്ളം തുഴയാൻ പറയുന്ന അമരക്കാരനോട് തുഴയില്ല, തൂക്കിയടി മാത്രമെന്ന് തുഴച്ചിൽക്കാർ വ്യക്തമാക്കുന്നതാണ് ടീസർ ചിത്രം. എക്സ് ആർ എഫ് എക്സ് ഫിലിം ഫാക്ടറി നിർമിച്ച ടീസർ ചിത്രം വിനു വിജയാണ് സംവിധാനം ചെയ്തിരിക്കുന്നത്. ഷൈജു എം ഭാസ്ക്കറാണ് ഛായാഗ്രാഹകൻ.ലീഗിനു മുന്നോടിയായി ആലപ്പി റിപ്പിൾസ് ടീം പരിശീലനം തൃശ്ശൂരിൽ ആരംഭിച്ചു. ആത്രേയ ക്രിക്കറ്റ് അക്കാദമിയിൽ കോച്ച് പ്രശാന്ത് പരമേശ്വരന്റെ നേതൃത്വത്തിലാണ് റിപ്പിൾസ് ടീം പരിശീലനം നടത്തുന്നത്. 27 വരെ ഇവിടെ തുടരുന്ന പരിശീലനത്തിനു ശേഷം 28ന് തിരുവനന്തപുരത്തേക്ക് തിരിക്കും. സെപ്റ്റംബർ 2ന് തുടങ്ങുന്ന ലീഗിന് വേണ്ടിയുള്ള പരിശീലനം അവിടെ തുടരും.

# കെഎച്ച്ആർഎ സിറ്റി സൗത്ത് യൂണിറ്റ് ഓഫീസ് ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ എറണാകുളം സിറ്റി സൗത്ത് യൂണിറ്റിന്റെ ഓഫീസ് ഉദ്ഘാടനം സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ നിർവഹിച്ചു. എറണാകുളം ഗാന്ധിനഗർ മാവേലി റോഡിലാണ് പുതിയ ഓഫീസ്. യൂണിറ്റ് പ്രസിഡന്റ് യൂനുസ് അലി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് സി. ബിജുലാൽ, സംസ്ഥാന വൈസ് പ്രസിഡന്റുമാരായ അസീസ് മൂസ, വി.ടി. ഹരിഹരൻ, സംസ്ഥാന സെക്രട്ടറി അബ്ദുൾ സമദ്, ജില്ലാ പ്രസിഡന്റ് ടി.ജെ.മനോഹരൻ, ജില്ലാ സെക്രട്ടറി കെ.ടി.റഹിം, ജില്ലാ ട്രഷറർ സി.കെ.അനിൽ, ജില്ലാ വൈസ് പ്രസിഡന്റ് ബൈജു പി ഡേവിസ്, യൂണിറ്റ് സെക്രട്ടറി സാന്റോ പാനികുളം, ട്രഷറർ സതീഷ് എന്നിവർ സംസാരിച്ചു.




# പ്രീമിയം റസ്ക് ടോസ്റ്റിയുടെ കാംപെയ്നുമായി ബ്രിട്ടാനിയ




**കൊച്ചി:** മുൻനിര ഭക്ഷ്യ ബ്രാൻഡ് ബ്രിട്ടാനിയ തങ്ങളുടെ പ്രീമിയം റസ്ക് ടോസ്റ്റിക്കായി തൃഷ കൃഷ്ണനെയും നീന ഗുപ്തയെയും അമ്മായിയമ്മയും മരുമകളുമായി അവതരിപ്പിക്കുന്ന പുതിയ ക്യാംപെയ്ൻ ആരംഭിച്ചു.

പാലിന്റെയും ആട്ടയുടെയും ഗുണം എടുത്തുകാണിച്ചുകൊണ്ട് ക്രിസ്പി മിൽക്ക് ആട്ട റസ്ക് ആസ്വദിച്ചുകൊണ്ടുള്ള അവരുടെ പ്രഭാതമാണ് ക്യാംപെയ്നിന്റെ ഇതിവൃത്തം. അവരുടെ തമാശകളിലൂടെയും പങ്കിട്ട ആസ്വാദനത്തിലൂടെയും, പ്രിയപ്പെട്ടവരുമായി ദിവസം ആരംഭിക്കുന്നതിന്റെ സന്തോഷം ആഘോഷിക്കുകയും ബ്രിട്ടാനിയ ടോസ്റ്റി റസ്ക്കുകൾ ആ വിലയേറിയ പ്രഭാത നിമിഷങ്ങളെ എങ്ങനെ മികച്ചതാക്കുന്നുവെന്ന് കാണിക്കുകയും ചെയ്യുന്നു.

ബ്രിട്ടാനിയ ടോസ്റ്റി ഏലക്ക, കേക്ക്, പാൽ, വെണ്ണ, മൾട്ടി ഗ്രെയിൻ എന്നീ രുചികളിൽ ലഭ്യമാണ്. ഏലക്കയുടെ സ്വാദ് ഊർജസ്വലമായ ദിവസം സമ്മാനിക്കുമ്പോൾ മികച്ച ബദൽ തേടുന്നവർക്ക് നല്ലൊരു തെരഞ്ഞെടുപ്പാണ് മൾട്ടിഗ്രെയിൻ റസ്ക്. ഓട്സ്, ആട്ട, റാഗി, എള്ള് എന്നിവയുടെ മിശ്രിതം ഉപയോഗിച്ച് നിർമ്മിച്ച ഇത് ഗുണനിലവാരത്തിൽ വിട്ടുവീഴ്ച ചെയ്യാതെ ഒരു അദ്വിതീയ അനുഭവം പ്രദാനം ചെയ്യുന്നു.

കൂടുതൽ ഫ്ലേവറും കൂടുതൽ ആരോഗ്യകരമായ റസ്കും ഇഷ്ടപ്പെടുന്നവർക്ക്, പാലും ഗോതമ്പും കലർന്ന മിൽക്ക് ആട്ട റസ്ക് തെരഞ്ഞെടുക്കാം. സുഖപ്രദമായ ഞായറാഴ്ച രാവിലെ, നിങ്ങളുടെ ചായയും ബട്ടർ റസ്കും ജോടിയാക്കുക, സമ്പന്നമായ, വെണ്ണയുടെ മണവും സ്വാദും ഉള്ള മധുരമുള്ള ഈ റസ്ക് മികച്ച ക്രഞ്ച് നൽകുന്നു. കേക്ക് റസ്ക് കേക്കിന്റെ മൃദുത്വവും റസ്കിന്റെ ചടുലതയും ആസ്വാദ്യകരമായ ലഘുഭക്ഷണ അനുഭവം സൃഷ്ടിക്കുന്നു.

# കളർ ജെംസ്റ്റോൺ റിംഗ് ഓഫ് ദ ഇയർ' അവാർഡ് കീർത്തിലാൽസിന്

**കൊച്ചി:** മുംബൈയിൽ നടന്ന റീട്ടെയിൽ ജ്വല്ലർ ഇന്ത്യ അവാർഡ് 2024ന്റെ 19ാമത് പതിപ്പിൽ പ്രമുഖ വജ്ര, സ്വർണ്ണാഭരണ ബ്രാൻഡായ കീർത്തിലാൽസ്, 'കളർ ജെംസ്റ്റോൺ റിംഗ് ഓഫ് ദ ഇയർ' അവാർഡിന് അർഹരായി.


ആഭരണ നിർമ്മാണത്തിൽ നൂതനമായ ഡിസൈനിലും സാങ്കേതികവിദ്യയിലുമുള്ള കീർത്തിലാലിന്റെ മികവു കണക്കിലെടുത്താണ് അംഗീകാരം. തങ്ങളുടെ ഗവേഷണവികസന ടീം ഓരോ ഉൽപ്പന്നത്തിലും പുതുമയും സാങ്കേതികവിദ്യയും സമർത്ഥമായി സമന്വയിപ്പിക്കുകയും ഈ മേഖലയിലെ പുതിയ പ്രവണതകൾ സൃഷ്ടിക്കുന്നതിൽ എപ്പോഴും മുൻനിരയിൽ നിൽക്കുകയും ചെയ്യുന്നതിന്റെ പ്രതിഫലനമാണ് ഈ അംഗീകാരമെന്ന് കീർത്തിലാലിന്റെ ഡയറക്ടർ ബിസിനസ് സ്ട്രാറ്റജി സൂരജ് ശാന്തകുമാർ പറഞ്ഞു.

ഈ രംഗത്ത് എട്ടു പതിറ്റാണ്ടിന്റെ പ്രവർത്തന പാരമ്പര്യമുള്ള കീർത്തിലാൽസിന് കോയമ്പത്തൂരിലുൾപ്പെടെ അത്യാധുനിക ആഭരണ ഫാക്ടറികൾ, ഡിസൈൻ സ്റ്റുഡിയോ എന്നിവ സ്വന്തമായുണ്ട്.

# ഫൺസ്കൂൾ ഇന്ത്യയിൽ കാട്ടൺ ബോർഡ് ഗെയിം നിർമ്മിക്കുന്നു

**ചെന്നൈ:** ഇന്ത്യയിലെ മുൻനിര കളിപ്പാട്ട നിർമാതാക്കളായ ഫൺസ്കൂൾ ഇന്ത്യ, ജനപ്രിയമായ ബോർഡ് ഗെയിമുകളിലൊന്നായ കാട്ടൺ നിർമ്മിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള അവകാശം അസ്മോഡിയിൽ നിന്ന് നേടി.

ടേബിൾടോപ്പ് ഗെയിമുകളിൽ വൈദഗ്ധ്യമുള്ള ഒരു പ്രമുഖ വിനോദ കമ്പനിയായ അസ്മോഡി, കഴിഞ്ഞ വർഷം 50ലധികം രാജ്യങ്ങളിലായി 110 ദശലക്ഷത്തിലധികം ഗെയിമുകളും അനുബന്ധ ഉപകരണങ്ങളും വിറ്റു, അതേസമയം ലോകമെമ്പാടും 40 ലധികം ഭാഷകളിലായി 45 ദശലക്ഷത്തിലധികം യൂണിറ്റ് ഇത്തരത്തിലുള്ള വിൽപ്പനയും രേഖപ്പെടുത്തിയിരുന്നു.




ലോകം പര്യവേക്ഷണം ചെയ്യാനും കണ്ടെത്താനും വ്യാപാരം ചെയ്യാനും നിർമ്മിക്കാനുമുള്ള അന്വേഷണത്തിന്റെ ഒരു കഥയാണ് കാട്ടൺ. ഈ ഗെയിമിന്റെ കഥ മൂല്യങ്ങൾ, ചരിത്രം, നിഗൂഢത, മിസ്റ്റിസിസം എന്നിവയിൽ വേരൂന്നിയതാണ്. പ്രകൃതിയുടെ കാതലായ രഹസ്യങ്ങൾ കാത്തുസൂക്ഷിക്കുന്ന അത് ഫലത്തിൽ പരിധിയില്ലാത്ത പര്യവേക്ഷണത്തെ ക്ഷണിക്കുന്നു.

ഫൺസ്കൂൾ ഇന്ത്യ ലിമിറ്റഡ് സിഇഒ ആർ ജസ്വന്ത് പറഞ്ഞു, ഗെയിം ഇന്ത്യയിലേക്ക് കൊണ്ടുവരുന്നതിൽ ഞങ്ങൾ ആവേശഭരിതരാണ്. ഞങ്ങളുടെ ഉപഭോക്താക്കൾക്ക് അന്താരാഷ്ട്ര നിലവാരമുള്ള ഒരു ഇന്ത്യൻ നിർമ്മിത ഉൽപ്പന്നം അനുഭവിക്കാൻ കഴിയും. 10 വർഷത്തിന് മുകളിലുള്ള എല്ലാവർക്കുമായി കാട്ടൺ ഒരു മികച്ച ഓപ്ഷനാണ്, കാരണം ഇത് തന്ത്രപരമായ ചിന്തയെയും തീരുമാനമെടുക്കുന്നതിനെയും ഉത്തേജിപ്പിക്കുന്നു. മറ്റ് നിരവധി അന്താരാഷ്ട്ര കളിപ്പാട്ട ബ്രാൻഡുകളുമായി സഹകരിക്കാനും ഇന്ത്യൻ ഉപഭോക്താക്കൾക്കായി നിരവധി ഓപ്ഷനുകൾ കൊണ്ടുവരാനും ഞങ്ങൾ ശ്രമിക്കുകയാണ്.'

അസ്മോഡി ഇന്റർനാഷണൽ സെയിൽസ് മേധാവി അലക്സിയ ഇബ്നെർ പറഞ്ഞു, 'ഇന്ത്യ അസ്മോഡിയുടെ ഒരു നിർണായക വിപണിയായതിനാൽ, ഈ സഹകരണത്തെ ഞങ്ങൾ പ്രതീക്ഷയോടെ കാണുന്നു. ലോകത്തിന്റെ മറ്റ് പല ഭാഗങ്ങളിലും ഉള്ളതുപോലെ ഈ പങ്കാളിത്തത്തിലൂടെ ഇന്ത്യയിലും കാറ്റാൻ വിജയകരമായ ഒരു ഗെയിമായി മാറുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.'

കളിപ്പാട്ടങ്ങൾ ഇറക്കുമതി ചെയ്യുന്നതിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സിൽ നിന്നുള്ള നിർബന്ധിത സർട്ടിഫിക്കേഷൻ സംബന്ധിച്ച പുതിയ നിയമങ്ങൾ, ബിഐഎസ് സാക്ഷ്യപ്പെടുത്തിയ ഫൺസ്കൂൾ ഫാക്ടറികളിൽ നിർമ്മിക്കാൻ അന്താരാഷ്ട്ര കളിപ്പാട്ട നിർമ്മാതാക്കൾക്ക് അവരുടെ ഐക്കണിക് ഗെയിമുകൾ ഏൽപ്പിക്കാൻ ഫൺസ്കൂൾ ഇന്ത്യയെ ഒരു മികച്ച പങ്കാളിയാക്കുന്നു.

## പ്രീമിയർ എനർജീസ് ലിമിറ്റഡ് ഐപിഒ ആഗസ്റ്റ് 27 മുതൽ

**കൊച്ചി:** പ്രീമിയർ എനർജീസ് ലിമിറ്റഡിൻറെ പ്രാഥമിക ഓഹരി വിൽപന (ഐപിഒ) 2024 ആഗസ്റ്റ് 27 മുതൽ 29 വരെ നടക്കും. 1291.4 കോടി രൂപയുടെ പുതിയ ഓഹരികളും പ്രമോട്ടർമാരുടെയും നിലവിലുള്ള നിക്ഷേപകരുടെയും 34,200,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 427 രൂപ മുതൽ 450 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 33 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 33ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. യോഗ്യരായ ജീവനക്കാർക്കായി മാറ്റി വെച്ചിരിക്കുന്ന ഓഹരികൾക്ക് ഒന്നിന് 22 രൂപ വീതം ഡിസ്കൗണ്ട് ലഭ്യമാകും. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ജെപി മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ഐസിഐസിഐ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

## കുസാറ്റ്: നാഷണൽ സ്പെയ്സ് ഡേ പ്രോഗ്രാം ഇന്ന്

**കൊച്ചി:** ദേശീയ ബഹിരാകാശ ദിനാഘോഷത്തിൻറെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഫിസിക്സ് വകുപ്പിൽ നാഷണൽ സ്പെയ്സ് ഡേ പ്രോഗ്രാം ഇന്ന് (വെള്ളിയാഴ്ച) സംഘടിപ്പിക്കുന്നു. ഫിസിക്സ് വകുപ്പ് ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്ന പരിപാടിയിൽ ഫിസിക്സ് വകുപ്പ് മേധാവി ഡോ.ആൽഡ്രിൻ ആൻറണി സ്വാഗതപ്രസംഗം നടത്തും. പരിപാടിയുടെ ഭാഗമായി അസിസ്റ്റൻറ് പ്രൊഫസർ ഡോ.അനൂപ് കെ.കെ യുടെ, 'വൺ ഇയർ ഓഫ് ചന്ദ്രയാൻ ലാൻഡിംഗ്: സയൻറിഫിക് ഡിസ്കവറീസ് ഫ്രം ദ മൂൺ' എന്ന വിഷയത്തിൽ സംവാദവും ഇന്ത്യൻ സ്പെയ്സ് റിസർച്ചിനെക്കുറിച്ച് ക്വിസ്സ് കോംപറ്റീഷ്യനും സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്, 8589855747 ബന്ധപ്പെടുക



## ആനന്ദ് ഏകർഷിക്ക് നിർമലയുടെ ആദരം

**മൂവാറ്റുപുഴ:** 70 ാമത് ദേശീയ ചലച്ചിത്ര പുരസ്കാര പ്രഖ്യാപനത്തിൽ ആട്ടം സിനിമയ്ക്കുവേണ്ടി മികച്ച തിരക്കഥാകൃത്തിനുള്ള ദേശീയ പുരസ്കാരം നേടിയ ആനന്ദ് ഏകർഷിക്ക് നിർമ്മല കോളേജിന്റെ (ഓട്ടോണോമസ്) ആദരം. കോളേജ് ഓഡിയോ വിഷ്വൽ ഹാളിൽ നടത്തിയ പരിപാടിയിൽ കോളേജ് പ്രിൻസിപ്പൽ ഫാ.ഡോ. ജസ്റ്റിൻ കെ കുര്യാക്കോസ് കോളേജിലെ പൂർവ വിദ്യാർഥികൂടിയായ ആനന്ദ് ഏകർഷിയെ പൊന്നാട അണിയിച്ച് ആദരിച്ചു. തന്റെ വിജയങ്ങൾക്കു പിന്നിലുള്ള പ്രധാന പങ്ക് വഹിച്ച ഒരിടമാണ് നിർമല കോളേജെന്നും, തന്നെ പഠിപ്പിച്ച ഓരോ അധ്യാപകരുടെയും അനുഗ്രഹം കൊണ്ട് മാത്രമാണ് ഈ നേട്ടങ്ങളെല്ലാം ലഭിച്ചതെന്നും ആനന്ദ് ഏകർഷി പറഞ്ഞു. 20062009 കാലഘട്ടത്തിലാണ് നിർമല കോളേജിൽ നിന്ന് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഭാഗത്തിൽ ആനന്ദ് പഠനം പൂർത്തിയാക്കിയത്.

കോളേജിലെ ഇംഗ്ലീഷ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വിഭാഗം മേധാവി അഗസ്റ്റിൻ ബെന്നി, ഡോ. നിബു തോംസൺ, എന്നിവർ പ്രസംഗിച്ചു. നിരവധി വിദ്യാർഥികളും അധ്യാപകരും ചടങ്ങിൽ പങ്കെടുത്തു.

## ഐസ്ഫോസ് 24 പതിമൂന്നാം പതിപ്പിന് ഫിസാറ്റിൽ തുടക്കമായി

**അങ്കമാലി:** ഫിസാറ്റ് എൻജിനിയറിങ് കോളേജിൽ നടക്കുന്ന നാഷണൽ കോൺഫ്രൻസ് ഐസ്ഫോസ് 24 ൻറെ പതിമൂന്നാം പതിപ്പിന് തുടക്കമായി. ഹാക്കത്തോണുകൾ വർക്ഷോപ്പുകൾ തുടങ്ങി സാങ്കേതിക മേഖലയിലെ നിരവധി സെഷനുകൾക്കാണ് സമ്മേളനം സാക്ഷ്യം വഹിക്കുന്നത്. ഐസി ഫോസ്സ് ഡയറക്ടർ ഡോ ടി ടി സുനിൽ സമ്മേളനം ഉത്ഘാടനം ചെയ്തു. ചടങ്ങിൽ ഫിസാറ്റ് ചെയർമാൻ പി ആർ ഷിമിത്ത് അധ്യക്ഷത വഹിച്ചു .മൂന്ന് ദിവസങ്ങളിലായിട്ടാണ് സമ്മേളനം നടക്കുന്നത്. ഫിസാറ്റ് ഫ്രീ സോഫ്റ്റ്‌വെയർ സെല്ലും, എ സി എം സ്റ്റുഡന്റ് ചാപ്റ്ററും കമ്പ്യൂട്ടർ സയൻസ് വിഭാഗവും സംയുക്തമായിട്ടാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.
വിദ്യാഭ്യാസ രംഗത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ചെലുത്തുന്ന വെല്ലുവിളികൾ എന്ന വിഷയത്തിൽ കേന്ദ്രീകരിച്ചു നടത്തുന്ന ഹാക്കത്തോണിൽ ദേശീയ തലത്തിൽ ഇരുന്നൂറിലേറെ വിദ്യാർത്ഥികളാണ് പങ്കെടുക്കുന്നത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com